**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം, പിൻ -695035
ോൺ: 04712302490 ഫാക്സ്:04712303025/20303080
**ഇ-മെയിൽ** :dhskerala.hlth@kerala.gov.in
**വെബ്സൈറ്റ്:** www.dhs.kerala.gov.in

മേലെഴുത്ത് നം. DHS/264/2024-EA3 തീയതി: 09-03-2026

ഡോ. വ്യാസ് സുകുമാരന് ദേശീയ ആരോഗ്യ ദൗത്യത്തിൽ കോട്ടയം ജില്ലാ പ്രോഗ്രാം മാനേജർ എന്ന തസ്തികയിൽ അന്യത്ര സേവന കാലയളവ് 07.02.2026 ന് അവസാനിക്കുന്നതിനാൽ ആയത് 08.02.2026 മുതൽ ഒരു വർഷത്തേക്ക് കൂടി സ.ഉ (സാധാ)നം. 898/2026/H&FWD, തീയതി 05.03.2026 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവായിരിക്കുന്നു. ആയത് അറിവിലേയ്ക്കും അനന്തര നടപടിയ്ക്കുമായി പ്രസിദ്ധീകരിക്കുന്നു.

Digitally signed by
Vinod Kumar V A
Date: 09-03-2026
16:04:07

**ആരോഗ്യവകുപ്പ് ഡയറക്ടർക്ക് വേണ്ടി**

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ദേശീയ ആരോഗ്യ ദൗത്യത്തിന് കീഴിൽ കോട്ടയം ജില്ലാ പ്രോഗ്രാം മാനേജർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചുവരുന്ന ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജനായ ഡോ. വ്യാസ് സുകുമാരന്റെ അന്യത്ര സേവന കാലയളവ് ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യു ) വകുപ്പ്

സ.ഉ.(സാധാ) നം.898/2026/H&FWD തിരുവനന്തപുരം, തീയതി, 05-03-2026

പരാമർശം:-
1. 02.02.2024 തിയതിയിലെ സ.ഉ(സാധാ)നം.293/2024/ H&FWD നമ്പർ ഉത്തരവ്.
2. 11.03.2025 തിയതിയിലെ സ.ഉ(സാധാ)നം.727/2025/H&FWD നമ്പർ ഉത്തരവ്.
3. നാഷണൽ ഹെൽത്ത് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ 12.01.2026 തിയതിയിലെ NHM/185/2026-A2 ADMIN നമ്പർ കത്ത്

ഉത്തരവ്

ദേശീയ ആരോഗ്യ ദൗത്യത്തിന് കീഴിലെ കോട്ടയം ജില്ലാ പ്രോഗ്രാം മാനേജർ തസ്തികയിൽ കോട്ടയം ജില്ലയിലെ കുറവിലങ്ങാട് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റലിലെ അസിസ്റ്റന്റ് സർജനായ ഡോ. വ്യാസ് സുകുമാരനെ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത അന്യത്രസേവന കാലയളവ് പരാമർശം (2) ലെ ഉത്തരവ് പ്രകാരം 07.02.2026 ന് അവസാനിക്കുന്ന സാഹചര്യത്തിൽ ആയത് ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിന് നാഷണൽ ഹെൽത്ത് മിഷന്റെ സ്റ്റേറ്റ് മിഷൻ ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്. ഇതിനായി ഡോ. വ്യാസ് സുകുമാരൻ സമർപ്പിച്ച അപേക്ഷയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നിരാക്ഷേപ പത്രവും സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജനായ ഡോ. വ്യാസ് സുകുമാരന്റെ ദേശീയ ആരോഗ്യ ദൗത്യത്തിന് കീഴിലെ കോട്ടയം ജില്ലാ പ്രോഗ്രാം മാനേജർ തസ്തികയിലെ അന്യത്ര സേവന കാലയളവ്, നിലവിലെ ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി, 08.02.2026 മുതൽ ഒരു വർഷകാലയളവിലേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല ആർ
അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ, തിരുവനന്തപുരം

ബന്ധപ്പെട്ട വ്യക്തിക്ക്  (നാഷണൽ ഹെൽത്ത് മിഷൻ, സ്റ്റേറ്റ് മിഷൻ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (FW1/13/2024-HEALTH)

ഉത്തരവിൻ പ്രകാരം

Signed by
Vipin Kumar. S
Date: 05-03-2026 11:07:19

സെക്ഷൻ ഓഫീസർ